**ക്വട്ടേഷൻ / ലേല നിബന്ധനകൾ**

1. ക്വട്ടേഷനുകൾ മുദ്രവച്ച കവറിൽ 2025 ജൂലൈ മാസം 14-ാം തീയതി 02.30 പി.എം ന് മുമ്പായി ഔഷധി പരിയാരം ഓഫീസിൽ ലഭിക്കത്തക്കരീതിയിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ മുദ്രവച്ച് മാനേജിംഗ് ഡയറക്ടറുടെ വിലാസത്തിൽ നിരതദ്രവ്യം സഹിതം സമർപ്പിക്കേണ്ടതും, കവറിനു മുകളിൽ "അക്വേഷ്യ മരങ്ങൾ മുറിച്ചു മാറ്റി കൊണ്ടുപോകുന്നതിനുള്ള ക്വട്ടേഷൻ" എന്ന് വ്യക്തമായി എഴുതേണ്ടതുമാണ്. നിശ്ചിത സമയപരിധിക്കകം ലഭിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
2. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 10,000/- രൂപ ക്യാഷായും കൂടാതെ ഔഷധിയുടെ താഴെ പറയുന്ന അക്കൗണ്ട് മുഖേനയും ഒടുക്കാവുന്നതാണ്. പണമടച്ച രസീതി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

    Bank Name & Branch – Punjab National Bank, Kuttanellur Branch

    Account No. - 5913005900000015

    IFSC No. - PUNB0591300
3. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 2025 ജൂലൈ മാസം 14-ാം തീയതി 02.30 പി.എം ന് മുമ്പായി നിരതദ്രവ്യമായ 10,000 രൂപ ഡിമാന്റ് ഡ്രാഫ്റ്റ് / രസീതി സഹിതം ഓഫീസിലെത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതും അന്നേദിവസം 3 പി.എം ന് പരിയാരത്ത് നടക്കുന്ന ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്.
4. പരസ്യമായ ലേലത്തിനുശേഷം ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് തുറക്കുന്നതും, ലേലപ്രകാരമാണോ ക്വട്ടേഷൻ പ്രകാരമാണോ കൂടുതൽ തുക വാഗ്ദാനം ചെയ്തിരിക്കുന്നത് ആ തുകയ്ക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ആയിരിക്കും. അന്തിമമായി ക്വട്ടേഷൻ / ലേലം ഉറപ്പിക്കുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർക്കായിരിക്കും.
5. ക്വട്ടേഷൻ / ലേലം എന്നിവയിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത രണ്ട്പേരുടെ നിരതദ്രവ്യം ക്വട്ടേഷൻ / ലേലം ഉറപ്പിച്ചതിനുശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
6. ക്വട്ടേഷൻ / ലേലം എന്നിവയിൽ കൂടുതൽ തുക നൽകാൻ തയ്യാറായ വ്യക്തി നിരതദ്രവ്യം കൂടാതെ വാഗ്ദാനം ചെയ്ത തുകയുടെ 25% അന്നേദിവസം തന്നെ അടയ്ക്കേണ്ടതാണ്. കൂടാതെ തിരിച്ചറിയൽ രേഖയുടെ പകർപ്പും ഹാജരാക്കേണ്ടതാണ്.
7. ക്വട്ടേഷൻ / ലേലം ഉറപ്പിച്ചതായി അറിയിപ്പ് ലഭിച്ച് ഒരു മാസത്തിനകം രേഖപ്പെടുത്തിയ തുകയും, വിൽപ്പന വിലയുടെ 18% ആദായനികുതി ഉൾപ്പെടെയുള്ള ആകെ തുകയിൽമേൽ 5% വന വികസന നികുതി അടക്കം മുഴുവൻ തുകയും ഓഫീസിൽ കെട്ടിവെക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ക്വട്ടേഷൻ റദ്ദാക്കുന്നതും നിരതദ്രവ്യം സ്ഥാപനത്തിലേക്ക് വരവ് വെക്കുന്നതുമാണ്.
8. ക്വട്ടേഷൻ/ലേലം സ്വീകരിച്ച് അറിയിപ്പു ലഭിച്ച് ഒരു മാസത്തിനകം മുഴുവൻ മരങ്ങളും മുറിച്ച് തടി, ശിഖരങ്ങൾ, ചില്ലകൾ സഹിതം കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്ത് സ്ഥലം വൃത്തിയാക്കേണ്ടതാണ്.
9. നിശ്ചിത സമയപരിധിക്കകം മരങ്ങൾ മുറിച്ചു നീക്കാത്ത പക്ഷം മരങ്ങൾ മുറിച്ചു മാറ്റുന്നതിന് മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതും കരാറുകാരൻ അടച്ച തുക സ്ഥാപനത്തിലേക്ക് വരവ് വെക്കുന്നതുമാണ്.
10. മരങ്ങൾ മുറിച്ചു നീക്കുമ്പോൾ മറ്റു ചെടികൾക്കോ, വസ്തുക്കൾക്കോ കേടു പാടുകൾ പറ്റുന്ന പക്ഷം ഔഷധി മാനേജിംഗ് ഡയറക്ടർ നിശ്ചയിക്കുന്ന തുക നഷ്ടപരിഹാരമായി കരാറുകാരൻ നൽകുന്നതിന് ബാദ്ധ്യസ്ഥനായിരിക്കും.
11. ക്വട്ടേഷനുകൾ / ലേലം യാതൊരു കാരണവും കാണിക്കാതെ സ്വീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പരിപൂർണ്ണ അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

മാനേജിംഗ് ഡയറക്ടർ